കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | | |
| --- | --- | --- |
| DECEMBER | 22 | 2017 |



**ശബരിമല പത്രക്കുറിപ്പ്-1**

മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

---

# സൂര്യനഗരത്തിൽനിന്ന് അവരെത്തി അയ്യനെ വണങ്ങാൻ

ശബരിമല: 2,252 കിലോമീറ്റർ താ ിയാണ് രാജസ്ഥാനിലെ സൂര്യനഗരമെന്നറിയപ്പെടുന്ന ജോധ്പൂരിൽനിന്ന് ഗുരുസ്വാമിയായ റോഷൻ ജെയിനും സംഘവും കാനനവാസനെ ദർശിക്കാനെത്തിയത്. കറുപ്പണിഞ്ഞ ഭക്തർക്കിടയിൽ പീത-നീലവസ്ത്രം ധരിച്ചാണ് ഇവർ അയ്യനെ വണങ്ങിയത്.

രാജസ്ഥാനിലെ മേവാറിൽനിന്നും ഭിൽവാരയിൽനിന്നും ജാലോറിൽനിന്നുമുള്ള 42 അംഗ സംഘം ഇന്നലെ രാത്രിയാണ് സന്നിധാനത്തെത്തിയത്. രാജസ്ഥാനിൽനിന്ന് ട്രെയിനിൽ ബംഗളുരുവിലെത്തിയ സംഘം ബംഗളുരു ജലഹള്ളി അയ്യപ്പക്ഷേത്രത്തിൽനിന്ന് മാലയിട്ടു. 41 ദിവസത്തെ കഠിനവ്യതമെടുത്താണ് ഏഴു സ്ത്രീകളും ര ു കുട്ടികളുമടങ്ങിയ സംഘം മലചവിട്ടിയത്.

ഫാൽനയിൽനിന്നുള്ള എഴുപത്തിര ുകാരനായ കർഷകൻ ബസ്വന്ത് സിങ് ഇത് ഏഴാംതവണയാണ് അയ്യപ്പനെ കാണാനെത്തുന്നത്. അറുപത്തിയൊന്നുകാരി ബർകയും അൻപത്തിയെട്ടുകാരി ബസന്ദിയും നാലാംതവണയാണ് സന്നിധാനത്തെത്തുന്നത്. അയ്യപ്പനെ കാണാനെത്തുമ്പോൾ പ്രായത്തിന്റെ ക്ഷീണമില്ലെന്ന് ജോധ്പൂരിൽനിന്നുള്ള വ്യാപാരിയായ അറുപത്തിയെട്ടുകാരൻ തുൾസിറാം പറഞ്ഞു. ബംഗളുരുവിൽ താമസമാക്കിയ ബിസിനസുകാരായ എട്ടു പേർ സംഘത്തിലു ്. ചിലർ കൊച്ചുമക്കളെയും ഒപ്പം കൂട്ടി.

മഞ്ഞ, നീല നിറത്തിലുള്ള വസ്ത്രങ്ങളണിഞ്ഞാണ് തങ്ങൾ മലചവിട്ടുന്നതെന്ന് അറുപത്തിയേഴുകാരി ബിജ്‌ലി പറഞ്ഞു. ''കഴിഞ്ഞ തവണ നീലയണിഞ്ഞെത്തി, ഇത്തവണയത് മഞ്ഞയാക്കി. സംഘത്തിലെ സ്ത്രീകൾ മഞ്ഞയും പുരുഷൻമാർ നീലയും വസ്ത്രമ

ണിഞ്ഞാണ് എത്തുന്നത്''–ബിജ്‌ലി പറഞ്ഞു.

പതിനെട്ടുവട്ടം മലചവിട്ടിയ ഗുരുസ്വാമി റോഷൻ ഭസ്മക്കുളത്തിനടുത്ത് തെങ്ങിൻതൈ നട്ടാണ് മടങ്ങിയത്. അടുത്തതവണയും അയ്യപ്പനെ കാണാനെത്തുമെന്ന് പറഞ്ഞാണ് സംഘം മലയിറങ്ങിയത്.

## ചിത്രവിവരണം

രാജസ്ഥാനിൽനിന്ന് ഗുരുസ്വാമി റോഷൻ ജെയിനിന്റെ നേതൃത്വത്തിലെത്തിയ ഭക്തർ സന്നിധാനത്ത് നെയ്യഭിഷേകത്തിനായി തയാറെടുക്കുന്നു.

(പി.ആർ. ശബരി 301)

# അങ്കത്താരിയും മെയ്യടവും പയറ്റും ചുവടും കാണിക്കയാക്കി പൊലീസ് കളരിസംഘം

ശബരിമല: പതിനെട്ടു മെയ്യടവുകളും ഇരുപത്തിനാല് മെയ് പയറ്റുകളും കോൽത്താരിയും അങ്കത്താരിയും വടിവുകളും ചുവടുകളുമെല്ലാം അയ്യപ്പനുള്ള കാണിക്കയാക്കി അവതരിപ്പിച്ചപ്പോൾ തൃശൂർ പൊലീസിന്റെ കളരിപ്പയറ്റ് സംഘം ഭക്തർക്ക് സമ്മാനിച്ചത് അത്ഭുത കാഴ്ചവിരുന്ന്.

മുൻ സബ് ഇൻസ്‌പെക്ടറായ മുരുകൻ ഗുരുക്കളുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘം ഇതു 33–ാം തവണയാണ് സന്നിധാനത്തെ ശ്രീധർമ്മ ശാസ്താ ഓഡിറ്റോറിയത്തിൽ കളരിപ്പയറ്റ് പ്രദർശനം അവതരിപ്പിക്കുന്നത്. പൊലീസ് ഉദ്യോഗസ്ഥരായ ഭാസി, ബജീഷ്, ഷാജു, ഗോപൻ, ഭരതനുണ്ണി, അശോകൻ, വേണു, സതീഷ് മോഹൻ, രതീഷ്, അജു എന്നിവരും മുരുകൻ ഗുരുക്കളുടെ ശിഷ്യൻമാരായ ബിജു, പ്രദീപ്, കമറുദ്ദീൻ, ഷിബു, മനോജ്, ഓമൽ ശങ്കർ, അമൽ വിനോദ്, ദിയ വിനോഷ് എന്നിവരും വിവിധ കളരിമുറകൾ അവതരിപ്പിച്ചു.

ഇതോടൊപ്പം ഭഗവതി തെയ്യവും അരങ്ങിലെത്തി കാണികളെ വിസ്മയിപ്പിച്ചു. തെയ്യം കലാകാരൻ സി.കെ. ശിവദാസനാണ് ഭഗവതി തെയ്യം അവതരിപ്പിച്ചത്. നൂറുകണക്കിന് ഭക്തരാണ് കളരിപ്പയറ്റും തെയ്യവും കാണാനെത്തിയത്.

## ചിത്രവിവരണം

മുരുകൻ ഗുരുക്കളുടെ നേതൃത്വത്തിലുള്ള തൃശൂർ പൊലീസിന്റെ കളരിപ്പയറ്റ് സംഘം സന്നിധാനത്തെ ശ്രീധർമ്മ ശാസ്താ ഓഡിറ്റോറിയത്തിൽ അവതരിപ്പിച്ച കളരിപ്പയറ്റ്.

ശ്രീധർമ്മ ശാസ്താ ഓഡിറ്റോറിയത്തിൽ തെയ്യം കലാകാരൻ സി.കെ. ശിവദാസൻ അവതരിപ്പിച്ച ഭഗവതി തെയ്യം.

(പി.ആർ. ശബരി 302)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| ഡിസംബർ | | |
|---|---|---|
| **DECEMBER** | **22** | **2017** |



**ശബരിമല പത്രക്കുറിപ്പ്–2**

മീഡിയ സെന്റർ ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam2018@gmail.com

# തങ്കഅങ്കി ഘോഷയാത്രയ്ക്ക് ഭക്തിനിർഭരമായ തുടക്കം

ശബരിമല: ശബരിമല ശ്രീ അയ്യപ്പ വിഗ്രഹത്തിൽ മണ്ഡലപൂജയ്ക്ക് ചാർത്താനുള്ള തങ്കഅങ്കിയും വഹിച്ചുള്ള രഥഘോഷയാത്ര ഭക്തസഹസ്രങ്ങളെ സാക്ഷിയാക്കി ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്നും ആരംഭിച്ചു. ശരണംവിളികളാൽ മുഖരിതമായ അന്തരീക്ഷത്തിൽ ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ, ബോർഡ് അംഗങ്ങളായ കെ. രാഘവൻ, കെ.പി. ശങ്കരദാസ്, ജില്ലാ കളക്ടർ ആർ. ഗിരിജ, ജില്ലാ പോലീസ് മേധാവി ഡോ. സതീഷ് ബിനോ, ദേവസ്വം ബോർഡ് കമ്മീഷണർ സി.പി. രാമരാജപ്രേമപ്രസാദ്, സ്പെഷൽ ഓഫീസർ എൻ. രാജീവ് കുമാർ തുടങ്ങിയവരുടെ സാന്നിധ്യത്തിലാണ് ഘോഷയാത്ര ആരംഭിച്ചത്.

ദേവസ്വം ബോർഡ് പ്രസിഡന്റ് നാലു ദിവസവും ഘോഷയാത്രയെ അനുഗമിക്കും. ഇന്നലെ (ഡിസംബർ 22) രാവിലെ അഞ്ചുമുതൽ ഏഴുവരെ പാർഥസാരഥി ക്ഷേത്രത്തിൽ തങ്കഅങ്കി ഭക്തജനങ്ങൾക്ക് ദർശനം അനുവദിച്ചിരുന്നു. അതിരാവിലെ മുതൽ തങ്കഅങ്കി ദർശനത്തിനായി ഭക്തരുടെ വൻ തിരക്കാണ് പാർഥസാരഥി ക്ഷേത്രത്തിലും പരിസരത്തും അനുഭവപ്പെട്ടത്.

തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ ശബരിമല അയ്യപ്പസ്വാമിക്ക് ചാർത്താനായി നടയ്ക്കു വച്ചതാണ് തങ്കഅങ്കി. എല്ലാ വർഷവും മണ്ഡല പൂജയ്ക്ക് തങ്കഅങ്കി ചാർത്തിയാണ് ദീപാരാധന നടക്കുന്നത്. തങ്കഅങ്കി സൂക്ഷിക്കുന്നതിന് പുതുതായി പണികഴിപ്പിച്ച പേടകം 21ന് സന്നിധാനത്ത് സമർപ്പിച്ച ശേഷം ഇന്നലെ (ഡിസംബർ 22) രാവിലെ ആറന്മുള പാർഥസാരഥി ക്ഷേത്രത്തിലെത്തിച്ചു. ദേവസ്വം ബോർഡ് പ്രസിഡന്റും അംഗങ്ങളും ചേർന്ന് പുതിയ പേടകം ഏറ്റുവാങ്ങി. ചിറക്കടവ്

തിരുവലപ്പള്ളി സ്വദേശി ഹരിദാസാണ് തങ്കഅങ്കി സൂക്ഷിക്കുന്നതിനുള്ള പുതിയ പേടകം വഴിപാടായി സമർപ്പിച്ചത്. ശബരിമലയിലെ സ്വർണധ്വജത്തിന്റെ തടിപ്പണി നിർവഹിച്ച കായംകുളം പത്തിയൂർ വിനോദ് ബാബു ആചാരിയാണ് പേടകം നിർമിച്ചത്. ഒറ്റത്തടി തേക്കിൽ നിർമിച്ചിട്ടുള്ള പേടകം പിത്തള പൊതിഞ്ഞ് വെള്ളികൊുള്ള ചിത്രപ്പണികൾ കൊാണ് മനോഹരമാക്കിയിരിക്കുന്നത്.

ഇന്നലെ (ഡിസംബർ 22) വൈകിട്ട് ഓമല്ലൂർ രക്തകണ്ഠസ്വാമി ക്ഷേത്രത്തിൽ എത്തിയ തങ്കഅങ്കി ഘോഷയാത്ര ഇന്ന്(ഡിസംബർ 23) രാവിലെ എട്ടിന് അവിടെ നിന്നും ര ാം ദിവസത്തെ പ്രയാണം ആരംഭിക്കും. കൊടുന്തറ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, പത്തനംതിട്ട ശാസ്താക്ഷേത്രം, കടമ്മനിട്ട ഭഗവതി ക്ഷേത്രം, മേക്കൊഴൂർ ക്ഷേത്രം, മൈലപ്ര ഭഗവതി ക്ഷേത്രം, ഇളകൊള്ളൂർ മഹാദേവ ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളിലൂടെ രാത്രി എട്ടിന് കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിലെത്തി പ്രയാണം സമാപിക്കും. നാളെ(ഡിസംബർ 24) രാവിലെ 7.30ന് കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിൽ നിന്ന് ആരംഭിക്കുന്ന ഘോഷയാത്ര ചിറ്റൂർ മഹാദേവ ക്ഷേത്രം, വെട്ടൂർ ക്ഷേത്രം, മലയാലപ്പുഴ ക്ഷേത്രം, റാന്നി രാമപുരം ക്ഷേത്രം, പ്രയാർ മഹാവിഷ്ണു ക്ഷേത്രം എന്നീ സ്ഥലങ്ങളിലൂടെ രാത്രി 8.30ന് പെരുനാട് ശാസ്താ ക്ഷേത്രത്തിലെത്തി മൂന്നാം ദിവസത്തെ പ്രയാണം പൂർത്തിയാക്കും. ഡിസംബർ 25ന് രാവിലെ എട്ടിന് പെരുനാട് ശാസ്താ ക്ഷേത്രത്തിൽ നിന്നും ആരംഭിച്ച് ളാഹ, പ്ലാപ്പള്ളി, നിലയ്ക്കൽ ക്ഷേത്രം, ചാലക്കയം വഴി ഉച്ചയ്ക്ക് 1.30ന് പമ്പയിലെത്തും. പമ്പയിൽ നിന്നും തങ്കഅങ്കി മൂന്നു പേടകങ്ങളിലാക്കി ഉച്ചയ്ക്കു ശേഷം മൂന്നിന് ഘോഷയാത്രയായി സന്നിധാനത്തേക്ക് തിരിക്കും. അഞ്ചിന് ശരംകുത്തിയിലെത്തും.

ക്ഷേത്ര നട തുറന്ന ശേഷം തങ്കഅങ്കി സ്വീകരിക്കുന്ന സംഘം സോപാനത്ത് എത്തി ദർശനം നടത്തും. തന്ത്രി കണ്ഠരര് മഹേഷ് മോഹനര് പൂജിച്ച മാലകൾ ഇവരെ അണിയിക്കും. തങ്കയങ്കി സ്വീകരിച്ച് വരുന്ന സംഘത്തിന് ഇരുമുടിക്കെട്ടില്ലാതെ പതിനെട്ടാംപടി കയറുന്നതിനുള്ള അയ്യപ്പന്റെ അനുവാദം നൽകുന്നതിനാണ് തന്ത്രി ഇവരെ പ്രത്യേക മാല അണിയിക്കുന്നത്. തങ്കഅങ്കി സ്വീകരിക്കുന്ന സംഘം ശരംകുത്തിയിലെത്തിയ ശേഷം അവിടെ നിന്നും തീവെട്ടി, മുത്തുക്കുടകൾ എന്നിവയുടെ അകമ്പടിയോടെ ഘോഷയാത്രയെ സ്വീകരിച്ച് കൊടിമരച്ചുവട്ടിൽ എത്തും. അവിടെ നിന്നും ദേവസ്വം ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ, എക്സിക്യൂട്ടീവ് ഓഫീസർ തുടങ്ങിയവർ ചേർന്ന് സ്വീകരണം നൽകിയ ശേഷം തങ്കയങ്കി പേടകം ക്ഷേത്രത്തിനുള്ളിൽ എത്തിക്കും. അവിടെ നിന്നും തന്ത്രി കണ്ഠരര് മഹേഷ് മോഹനരും മേൽശാന്തി എ.വി. ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയും ചേർന്ന് പേടകം ശ്രീകോവിലിനുള്ളിലേക്ക് ഏറ്റുവാങ്ങും. തുടർന്ന് നടയടച്ച് തങ്കയങ്കി അയ്യപ്പ വിഗ്രഹത്തിൽ അണിയിച്ച് ദീപാരാധാനയ്ക്കായി നട തുറക്കും. അത്താഴപൂജയ്ക്കു ശേഷം തങ്കഅങ്കി വിഗ്രഹത്തിൽ നിന്നും പേടകത്തിലേക്ക് മാറ്റും. 26ന് രാവിലെ 11.04നും 11.40നും മധ്യേയാണ് മണ്ഡലപൂജ. ഈസമയത്ത് തങ്കഅങ്കി അയ്യപ്പ വിഗ്രഹത്തിൽ വീ ും ചാർത്തും. മണ്ഡല പൂജയ്ക്കു ശേഷം തങ്കഅങ്കി വിഗ്രഹത്തിൽ നിന്നും പേടകത്തിലേക്ക് മാറ്റും. 26ന് രാത്രി 11ന് ഹരിവരാസനം പാടി നട അടയ്ക്കുന്നതോടെ 41 ദിവസത്തെ മണ്ഡല ഉത്സവത്തിന് സമാപനമാകും.

## ചിത്രവിവരണം

1) ശബരിമല ശ്രീ അയ്യപ്പ വിഗ്രഹത്തിൽ മണ്ഡലപൂജയ്ക്ക് ചാർത്താനുള്ള തങ്കഅങ്കിയും വഹിച്ചുള്ള ഘോഷയാത്ര ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് ആരംഭിച്ചപ്പോൾ.
2) തങ്കഅങ്കി സൂക്ഷിക്കുന്നതിനായി പുതുതായി നിർമിച്ച പേടകം ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ ഏറ്റുവാങ്ങുന്നു.

(പി.ആർ. ശബരി 303)

# അയ്യപ്പ അനുഗ്രഹംതേടി കടൽ കടന്ന് ചെക് റിപ്പബ്ലിക്ക് ദമ്പതികൾ

ശബരിമല: അനുഗ്രഹം തേടി ചെക് റിപ്പബ്ലിക്കിൽ നിന്നുള്ള ദമ്പതികൾ സന്നിധാനത്തെത്തി. ആധ്യാത്മികാന്വേഷികളായ തോമസ് ഫൈവ്സ്റ്റിക്ക, ലുഡ്മില ഡോളകോവ ദമ്പതികൾ ഇരുമുടിക്കെട്ടുമായി പതിനെട്ടാംപടി കയറി അയ്യപ്പനെ തൊഴുതു.

ശബരിമലയിലെ ആചാരനുഷ്ഠാനങ്ങൾ ചോദിച്ചറിഞ്ഞ് വ്യതമെടുത്താണ് മലകയറിതെന്ന് തോമസ് ഫൈവ്സ്റ്റിക്ക പറഞ്ഞു. ആധ്യാത്മിക കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി ഇന്ത്യ മുഴുവൻ പര്യടനം നടത്തുകയാണ് ലക്ഷ്യം. മഹർഷിമാരെയും ഇവിടുത്തെ ദൈവങ്ങളെയും ഇഷ്ടപ്പെടുന്ന തങ്ങളുടെ ഹൃദയം ഇന്ത്യയ്ക്കായി തുടിക്കുന്നുെ ന്നും ആചാരാനുഷ്ഠാനങ്ങൾ പഠിക്കുന്നതിനായി എല്ലാ വർഷവും ഇവിടെയെത്തുന്നുെ ന്നും കഴിഞ്ഞ വർഷമാണ് ശബരിമലയെക്കുറിച്ച് അറിഞ്ഞത്. ഈ വർഷം ശബരിമലയിലെത്താൻ അന്നേ തീരുമാനിച്ചിരുന്നെന്നും ലുഡ്മില പറഞ്ഞു.

മലയിറങ്ങിയ ദമ്പതികൾ വെള്ളിയങ്കരി മലനിരകൾ സന്ദർശിക്കുന്നതിനായി കോയമ്പത്തൂരിലേക്ക് മടങ്ങി.

## ചിത്രവിവരണം

ചെക്റിപ്പബ്ലിക്കിൽ നിന്നുള്ള തോമസ് ഫൈവ്റ്റിക്കയും ഭാര്യ ലുഡ്മില ഡോളകോവയും സന്നിധാനത്ത്.

(പി.ആർ. ശബരി 304)

# സന്നിധാനത്ത് പരിസ്ഥിതി സൗഹാർദ്ദമല്ലാത്ത സഞ്ചികൾക്ക് നിരോധനം

ശബിരമല: സന്നിധാനത്ത് പരിസ്ഥിതി സൗഹാർദ്ദമല്ലാത്ത സഞ്ചികളുടെ വിൽപ്പനയ്ക്കും ഉപയോഗത്തിനും നിരോധനം. പരിസ്ഥിതിയിൽ ജൈവികമായി അലിഞ്ഞുചേരുന്നതും പുനരുപയോഗിക്കാവുന്നതുമായ വസ്തുക്കൾകൊ ുള്ള സഞ്ചികളൊഴിച്ച് മറ്റുള്ളവയ്ക്കെല്ലാം നിരോധനം ഏർപ്പെടുത്തി വ്യാഴാഴ്ച ഡ്യൂട്ടി മജിസ്ട്രേറ്റ് എസ് സന്തോഷ്കുമാറാണ് ഉത്തരവിട്ടത്.

(പി.ആർ. ശബരി 305)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 22 | 2017 |
|---|---|

**ശബരിമല പത്രക്കുറിപ്പ്–3**


മീഡിയ സെന്റർ ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam2018@gmail.com


# വിലയിലും തൂക്കത്തിലും കൃത്രിമം; 52,000 രൂപ പിഴയീടാക്കി

ശബരിമല: സന്നിധാനത്തും പരിസരത്തും ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാതെയും അളവിലും തൂക്കത്തിലും കൃത്രിമം കാട്ടിയതിനും വ്യാപാരികളിൽനിന്ന് 52,000 രൂപ പിഴയീടാക്കി. സന്നിധാനത്ത് വൃത്തിഹീനമായ സാഹചര്യത്തിൽ അനധികൃതമായി കെറ്റിലിൽ ചായ, കാപ്പി തുടങ്ങിയവ വിൽപ്പന നടത്തുന്നത് കെ ത്തുകയും ഉപകരണങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.

ഡ്യൂട്ടി മജിസ്ട്രേറ്റ് രമേന്ദ്രൻ, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് സാനു, ജൂനിയർ സൂപ്ര ഷിബു, ഹെൽത്ത് ഇൻസ്പെക്ടർ പി.ആർ. വിമൽകുമാർ, വില്ലേജ് ഓഫീസർ കെ.വി. രാജേഷ്കുമാർ, റേഷനിങ് ഇൻസ്പെക്ടർ വിനോദ് കെ. സാബു, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ സുദീപ്, അസിസ്റ്റന്റ് പ്രശാന്ത് എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

(പി.ആർ. ശബരി 306)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | | |
|---|---|---|
| DECEMBER | 22 | 2017 |



## ശബരിമല പത്രക്കുറിപ്പ്–4

മീഡിയ സെന്റർ ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam2018@gmail.com

# ദേവസ്വം ജീവനക്കാരുടെ കർപ്പൂരാഴി ഇന്ന് (ഡിസംബർ 23)

ശബരിമല: തിരുവിതാംകൂർ ദേവസ്വംബോർഡിലെ സന്നിധാനത്ത് സേവനമനുഷ്ഠിക്കുന്ന ദേവസ്വം ഉദ്യോഗസ്ഥരും ജീവനക്കാരും ഒന്നുചേർന്ന് നടത്തുന്ന കർപ്പൂര ദീപഘോഷ യാത്ര ഇന്ന് (ഡിസംബർ 23) വൈകിട്ട് 6.30ന് നടക്കും. ദീപാരാധന കഴിഞ്ഞ് കൊടിമര ച്ചുവട്ടിൽ ഓട്ടുരുളിയിൽ നിറച്ചുവച്ച കർപ്പൂരക്കട്ടയിൽ ശബരിമല മേൽശാന്തി എ.വി. ഉ ണ്ണികൃഷ്ണൻ നമ്പൂതിരിയുടെ സാന്നിധ്യത്തിൽ ശബരിമല തന്ത്രി കണ്ഠരര് മഹേഷ് മോഹനര് തിരി തെളിയിക്കുന്നതോടെ ഘോഷയാത്ര ആരംഭിക്കും.

മാളികപ്പുറം മേൽപ്പാലത്തിലൂടെ സഞ്ചരിച്ച് മാളികപ്പുറംക്ഷേത്രം വലംവച്ച് പടിയിറങ്ങി വാവരുസ്വാമിയുടെ നടയിലൂടെ നടന്ന് പതിനെട്ടാംപടിയ്ക്ക് മുകളിലെത്തി ഘോഷയാ ത്ര അവസാനിക്കും. ചെ മേളം, പഞ്ചവാദ്യം, നാദസ്വരം, തകിൽ തുടങ്ങിയ വിവിധ വാദ്യമേളങ്ങളും കരകാട്ടം തുടങ്ങിയ നൃത്ത രൂപങ്ങളും പുലിവാഹനനായ അയ്യപ്പസ്വാ മി, വാവരുസ്വാമി, ശ്രീരാമൻ, സീത, ശിവൻ, പാർവതി, ഹനുമാൻസ്വാമി, രാജാവ് തു ടങ്ങിയ വേഷവിധാനങ്ങളും അണിനിരക്കും.

(പി.ആർ. ശബരി 307)

# സന്നിധാനം ശ്രീശാസ്താ ഓഡിറ്റോറിയത്തിൽ ഇന്ന്(ഡിസംബർ 23 ശനി)

വൈകിട്ട് 7.30–9.30: പൊലീസ് അയ്യപ്പന്മാരുടെ കർപ്പൂരാഴി യോഗത്തോടനുബന്ധിച്ചുള്ള

കലാപരിപാടി


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 22 | 2017 |
|---|---|---|



**ശബരിമല പത്രക്കുറിപ്പ്–5**

മീഡിയ സെന്റർ ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam2018@gmail.com

# അയ്യപ്പഭക്തിയിലലിഞ്ഞ സന്ധ്യയിൽ സന്നിധാനത്ത് കർപ്പൂരാഴി

ശബരിമല: സന്നിധാനവും ഭക്തരും അയ്യപ്പ ഭക്തിയിലലിഞ്ഞ സന്ധ്യയിൽ ആയിരങ്ങളെ സാക്ഷിയാക്കി കർപ്പൂരാഴി നടന്നു. മണ്ഡലപൂജയ്ക്കു മുന്നോടിയായി ഇന്നലെ പൊലീസാണ് കർപ്പൂരാഴി നടത്തിയത്.

വൈകിട്ട് ദീപാരാധനയ്ക്കു ശേഷം തന്ത്രി കണ്ഠര് മഹേഷ് മോഹനര്, ശബരിമല മേൽശാന്തി എ.വി. ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി എന്നിവർ ചേർന്ന് കൊടിമരച്ചുവട്ടിൽ ഓട്ടുരുളിയിൽ ഒരുക്കിവച്ച കർപ്പൂരം തെളിയിച്ചതോടെയാണ് കർപ്പൂരാഴിക്കു തുടക്കമായത്. തുടർന്ന് ഘോഷയാത്ര ആരംഭിച്ചു. പൊലീസ് സ്പെഷൽ ഓഫീസർ കൊറി സഞ്ജയ് കുമാർ ഗുരുഡിൻ സന്നിഹിതരായി.

പുലിവാഹനനായ അയ്യപ്പസ്വാമിക്കു പിന്നിലായി പുലികളും വാദ്യമേളങ്ങളും കാവടി ഘോഷയാത്രയും മയൂര നൃത്തവും വാവരുസ്വാമി, ശ്രീരാമൻ, സീത, ശിവൻ, പാർവതി, ഹനുമാൻ, ഗണപതി, മുരുകൻ, നാരദൻ തുടങ്ങിയ വേഷവിധാനങ്ങളും അണിനിരന്നു. ചെ –ശിങ്കാരി–പഞ്ചാരി മേളങ്ങളും നാദസ്വരവും സന്നിധാനത്ത് വാദ്യ–മേള വിസ്മയം തീർത്തു.

(പി.ആർ. ശബരി 309)

വാർത്തകൾ ഇനി കാണാം... കേൾക്കാം... വായിക്കാം...
PRD LIVE
PRD LIVE ഒരു മൊബൈൽ ആപ്ലിക്കേഷനാണ്. ആൻഡ്രോയിഡ് വേർഷനിലുള്ള എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും. പ്ലേ സ്റ്റോറിൽ നിന്നും PRD LIVE ഡൗൺലോഡ് ചെയ്യാം.